(5) മാക്രോ മാനേജുമെന്റ് പദ്ധതിപ്രകാരമുള്ള സഹായം കൃഷിക്കാർക്ക് ലഭ്യമാക്കണമെന്ന ആവശ്യം

ശ്രീ. പി. സി. ജോർജ് : സർ, കഴിഞ്ഞ നാലുവർഷമായി സംസ്ഥാനത്ത് നിലനിൽക്കുന്ന വരൾച്ചാ സാഹചര്യം പരിഗണിച്ചുകൊണ്ട് സംസ്ഥാനത്തെ കുരുമുളക്, കശുമാവ് എന്നീ വിളകളുടെ പുനരുദ്ധാരണത്തിനുവേണ്ടി കേന്ദ്ര സർക്കാർ മാക്രോ മാനേജുമെന്റ് പദ്ധതിപ്രകാരം 10 കോടി രൂപ ധനസഹായം സംസ്ഥാനത്തിന് അനുവദിച്ചു. ഇതിൽ കേന്ദ്ര വിഹിതം 720 ലക്ഷം രൂപയും സംസ്ഥാനത്തിന്റെ വിഹിതം 80 ലക്ഷം രൂപയും ഉൾപ്പെടെ 8 കോടി രൂപ വരൾച്ച ബാധിത ജില്ലകളായ ഇടുക്കി, വയനാട്, കോഴിക്കോട് ജില്ലകളിലെ കുരുമുളക് കൃഷി പുനരുദ്ധാരണത്തിനുവേണ്ടി ചെലവഴിക്കുന്നതിന് രണ്ടു പ്രോജക്ടുകൾക്ക് സംസ്ഥാന സർക്കാർ അനുമതി നൽകി. ആദ്യത്തെ പ്രോജക്ട് പ്രകാരം പ്രായോഗികമായിട്ടുള്ളതും ഉൽപ്പാദനശേഷി നശിച്ചതുമായ കുരുമുളക് തോട്ടങ്ങൾ ആവർത്തന കൃഷിക്ക് ഉപയോഗയോഗ്യമാക്കുക. രണ്ടാമത്തേത്, നിലവിലുള്ള കുരുമുളക് തോട്ടങ്ങളുടെ മെച്ചപ്പെട്ട സംരക്ഷണം ഉറപ്പാക്കുക എന്നിവയാണ്. നിലവിലുള്ള തോട്ടങ്ങളുടെ മെച്ചപ്പെട്ട സംരക്ഷണ പദ്ധതിപ്രകാരം ഇടുക്കി ജില്ലയിൽ 15,900 ഹെക്ടറും വയനാട് ജില്ലയിൽ 9,600 ഹെക്ടറും, കോഴിക്കോട് ജില്ലയിൽ 2,100 ഹെക്ടറും വീതമുള്ള കുരുമുളക് കൃഷിക്കാവശ്യമായ കുമ്മായം, ജൈവവളം, ജീവാണുവളം, ജൈവ കീടനാശിനി തുടങ്ങിയ ഉൽപ്പാദന ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടികളായി. കൃഷി വകുപ്പ് ഡയറക്ടർ 22-2-2005-ന് ഇറക്കിയ ജി.എസ്. (2) 10152/05 നമ്പർ സർക്കുലർ പ്രകാരം ഉൽപ്പാദന ഉപാധിയായ വളം, ഓരോ പറമ്പിന്റെയും വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കൃഷിക്കാർക്ക് സഹകരണ സംഘങ്ങളിൽക്കൂടിയാണ് വിതരണം നടത്തേണ്ടി യിരുന്നത്. ഈ മൂന്ന് ജില്ലകളിലും കൃഷിവകുപ്പിലെ ജില്ലാ ഉദ്യോഗസ്ഥൻമാർ ഈ നടപടിയുമായി മുന്നോട്ടുപോയി എങ്കിലും നാല് ദിവസങ്ങൾക്ക് മുമ്പ് ഈ പദ്ധതി മുഴുവൻ നിർത്തിവയ്ക്കാൻ പറഞ്ഞുകൊണ്ട്, പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഉത്തരവുണ്ടാകുകയും അതിനെത്തുടർന്ന് സഹകരണസംഘങ്ങൾ വഴി ഉൽപ്പാദനോപാധികൾ വിതരണം ചെയ്യണമെന്നുള്ള നിലവിലുള്ള സർക്കാർ നിർദ്ദേശം മറികടന്ന് Agro Industries Corporation, Warehousing Corporation തുടങ്ങിയ കോർപ്പറേഷനുകൾ വഴി അവ വിതരണം ചെയ്യണമെന്നു പറഞ്ഞിരിക്കുകയുമാണ്. അതുകൊണ്ട് വരാൻ പോകുന്ന കുഴപ്പം ഈ പദ്ധതിപ്രകാരം കൃഷിവകുപ്പിലൂടെ വിതരണം ചെയ്യേണ്ട ഉൽപ്പാദനോപാധികൾ മുഴുവൻ ഈ കോർപ്പറേഷനുകൾക്ക് കൊടുത്താൽ ഈ ഫണ്ട് ലാപ്സാക്കുക മാത്രമല്ല, ഫണ്ട് കോർപ്പറേഷനിലേക്ക് മാറ്റി തട്ടിച്ചെടുക്കാനുള്ള ശ്രമവുമാണ് നടക്കുക എന്ന് ഞാൻ സംശയിക്കുന്നു. ഇത് ഒരു കാരണവശാലും സമ്മതിക്കാൻ പറ്റിയ കാര്യമല്ല. കൃഷിവകുപ്പിൽ നിന്ന് ഇതിനുമുമ്പ് മണ്ഡരി

LIBRARY ARCHIVES Kerala Legislative Assembly

നിവാരണത്തിന് മരുന്ന് തളിക്കുന്ന പരിപാടിയുണ്ടായിരുന്നു. അത് ഈ Warehousing Corporation-നെ ഏൽപ്പിച്ചു. 24 കോടി രൂപ എവിടെപ്പോയി എന്നറിയില്ല, അതും അവർ വെട്ടിച്ചെടുത്തിരിക്കുകയാണ്. അതുകൊണ്ട് നിർബന്ധമായും കൃഷിക്കാർക്ക് ലഭിക്കേണ്ട 8 കോടി രൂപ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)* : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ കുറേ ശരിയാണ്. ഇതിനുവേണ്ടി 10 കോടി രൂപ അനുവദിച്ചു. അതിൽ 7 കോടി രൂപ വിനിയോഗിച്ച് ഇടുക്കി, വയനാട്, കോഴിക്കോട് എന്നീ ജില്ലകളിൽ കുരുമുളക് റീപ്ലാന്റേഷൻ നടത്തുന്നതിനായി അനുവാദം നൽകിയിരുന്നു. അത് വിതരണം ചെയ്യുന്നതിന് ചില ഡയറക്ഷനുകളും കൊടുത്തിട്ടുണ്ട്. ആ ഡയറക്ഷനുകളും വിപരീതമായി ചിലർ വിതരണം ചെയ്തതായാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. അതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് നടപടി എടുത്തുവരികയാണ്.

(6) ചിറ്റൂർ താലൂക്കിലെ പലകപ്പാണ്ടി പദ്ധതി

ശ്രീ. കെ. എ. ചന്ദൻ: സർ, പാലക്കാട് ജില്ലയിൽ പൊതുവേ അനുഭപ്പെടുന്നതും ചിറ്റൂർ താലൂക്കിൽ പ്രത്യേകമായി ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ രൂക്ഷമായ ജലക്ഷാമംമൂലം ഉണ്ടാകുന്ന കെടുതികളും കുടിവെള്ള ക്ഷാമവും ഒഴിവാക്കുന്നതിന് രൂപകൽപ്പന ചെയ്ത പലകപ്പാണ്ടി പദ്ധതി സമയ ബന്ധിതമായി നടപ്പിലാക്കേണ്ട അടിയന്തിരാവശ്യം സംബന്ധിച്ചാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. കൊടുംവരൾച്ച അനുഭവപ്പെട്ട മുൻവർഷം മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി വരൾച്ച ബാധിത പ്രദേശങ്ങൾ സന്ദർശിച്ച് മുതലമട, കൊല്ലംകോട്, എലവഞ്ചേരി പഞ്ചായത്ത് പ്രദേശത്തെ വരൾച്ച പരിഹരിക്കുന്നതിനായി അംഗീകരിച്ച വരൾച്ച നിവാരണ പദ്ധതിയാണ് പലകപ്പാണ്ടി പദ്ധതി. ഇതിന് 9.10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും 1.82 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയും, ജലവിഭവ വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മുൻകൈയെടുത്തതിന്റെ ഫലമായി പദ്ധതി നിർമ്മാണ പ്രവർത്തനവും പുരോഗതിയും മോണിറ്റർ ചെയ്യുന്നതിനായി ജലവിഭവം, വനം, റവന്യൂ, ധനകാര്യം എന്നീ വകുപ്പ് സെക്രട്ടറിമാരുടെ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാലും ഇത് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വനം വകുപ്പിന് കൈമാറാനുള്ള സ്ഥലം സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുക്കാനുള്ള അനുമതി ഇതുവരെ ലഭ്യമായിട്ടില്ല. വനം വകുപ്പിന്

LIBRARY ARCHIVES Kerala Legislative Assembly